# കേരളസർവകലാശാല

നം.പി.ആർ.153/2021

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. മാത്തമാറ്റിക്സ്, ബോട്ടണി, ബി.കോം. ഡിഗ്രി സ്പെഷ്യൽ പരീക്ഷ ഫെബ്രുവരി 2021 ന്റെ ഭാഗമായിട്ടുള്ള പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 9 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ഗ്രൂപ്പ് 2 (b) ബി.സി.എ. (332) ഡിഗ്രി പ്രോഗ്രാമിന്റെ സ്പെഷ്യൽ പ്രായോഗിക പരീക്ഷ ആഗസ്റ്റ് 11, 12 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീമിലെ അഞ്ചാം സെമസ്റ്റർ റെഗുലർ ബി.ടെക്. ഡിഗ്രി മാർച്ച് 2021 പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് ആഗസ്റ്റ് 12, 13 തീയതികളിലും കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി വിഭാഗങ്ങൾക്ക് ആഗസ്റ്റ് 11, 12 തീയതികളിലും പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം, എം.എസ്‌സി. ജ്യോഗ്രഫി, മാത്തമാറ്റിക്സ് എന്നീ പരീക്ഷകളുടെ പ്രാക്ടിക്കലും വൈവയും ആഗസ്റ്റ് 9 മുതൽ 13 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പുനർമൂല്യനിർണ്ണയം

കേരളസർവകലാശാല 2021 ആഗസ്റ്റ് 2 ന് പ്രസിദ്ധീകരിച്ച അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്‌സി./ബി.കോം./കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ഫെബ്രുവരി 2021 ഓപ്പൺ കോഴ്സിന്റെ പുനർമൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതിനുള്ള അപേക്ഷകൾ ആഗസ്റ്റ് 17 നകം അതാത് കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ എം.ഫിൽ. ഹിന്ദി (2019 – 20 ബാച്ച്) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ രണ്ടാം വർഷ ബി.എ./ബി.എ. അഫ്സൽ–ഉൽ –ഉലാമ (ഏപ്രിൽ 2020 & സെപ്റ്റംബർ 2020 സെഷൻ) പാർട്ട് ഒന്ന്, രണ്ട് റെഗുലർ/സപ്ലിമെന്ററി ആന്വൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 16 വരെയും ഓഫ്‌ലൈൻ വിദ്യാർത്ഥികൾക്ക്

ആഗസ്റ്റ് 31 വരെയും അപേക്ഷിക്കാം. ഓഫ്‌ലൈൻ വിദ്യാർത്ഥികളുടെ മാർക്ക്‌ലിസ്റ്റുകൾ പരീക്ഷാ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്നതാണ്. പരാജിതരായ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2021 സെഷൻ (ആന്വൽ സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 11 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 18 വരെയും അപേക്ഷിക്കാം.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ബി.എസ്‌സി. (ആന്വൽ സ്കീം) പാർട്ട് ഒന്ന്, പാർട്ട് രണ്ട് (കമ്പൈൻഡ് സെഷൻസ് ഏപ്രിൽ & ഒക്‌ടോബർ 2020) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 6 വരെ അപേക്ഷിക്കാം. ഏപ്രിൽ 2021 സെഷനിലെ പരീക്ഷയ്ക്ക് (ഓൺലൈനായും ഓഫ്‌ലൈനായും) അപേക്ഷിക്കേണ്ടവർക്ക് പിഴകൂടാതെ ആഗസ്റ്റ് 11 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 18 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2008 സ്കീം) മാർച്ച് 2020 പരീക്ഷയുടെ എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയിത ആഗസ്റ്റ് 25. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഒക്‌ടോബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.കോം. ഹിയറിംഗ് ഇമ്പയേർഡ് (2013 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 18 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
06.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**